# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01-12-2014- ൽ മറുപടിക്ക്**
**ചോദ്യം നമ്പർ: 128**

## സ്വതന്ത്ര വ്യാപാര മേഖലകൾ കേരളത്തിൽ സ്ഥാപിക്കാൻ തുറമുഖ ട്രസ്റ്റിന്റെ നീക്കം

| ചോദ്യം | മറുപടി |
| --- | --- |
| **ഡോ.ടി.എം.തോമസ് ഐസക് :** | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) തീരുവ കൂടാതെ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യാനും കയറ്റുമതി ചെയ്യാനും കഴിയുന്ന പ്രത്യേക സാമ്പത്തിക മേഖലകൾക്ക് സമാനമായ സ്വതന്ത്ര വ്യാപാര മേഖലകൾ കേരളത്തിൽ സ്ഥാപിക്കാൻ തുറമുഖ ട്രസ്റ്റിന് നീക്കമുള്ളതായി അറിയാമോ ;<br><br>(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി താത്പര്യ പത്രം ക്ഷണിച്ചിട്ടുണ്ടോ; താത്പര്യം പ്രകടിപ്പിച്ച കമ്പനികൾ ഏതൊക്കെയാണ് ; | (എ) യും (ബി) യും ഇന്ത്യയ്ക്ക് സൗത്ത് ഏഷ്യൻ രാജ്യങ്ങളുമായുള്ള വ്യാപാരത്തിനായി ഒരു വിതരണ ശൃംഖല (Supply Chain Node) ആയി കൊച്ചിയിലെ International Container Transshipment Terminal നെ മാറ്റുന്നതിലേയ്ക്കായി Willington Island - ൽ ഒരു സ്വതന്ത്ര വ്യാപാര വെയർ ഹൗസിംഗ് മേഖല (Free Trade Warehousing Zone) (FTWZ) സ്ഥാപിക്കുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് തീരുമാനിക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയം അംഗീകാരം നൽകിയിട്ടുമുണ്ട്. ടെണ്ടർ പ്രക്രിയയിലൂടെ കോ-ഡവലപ്പറെ തെരഞ്ഞെടുക്കുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് തീരുമാനിക്കുകയുണ്ടായി. ഇതിലേയ്ക്കായി ടെണ്ടർ ലഭിക്കേണ്ട അവസാന തീയതി 20-11-2014 ആയി ക്ഷണിച്ചുവെങ്കിലും അംഗീകൃത ബിഡുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. നിലവിലുള്ള ആവശ്യത്തിനനുസൃതമായി പലതരത്തിലുള്ള ware housing സൗകര്യങ്ങളും അന്താരാഷ്ട്ര വ്യാപാരത്തിനുള്ള warehousing സൗകര്യങ്ങളും കോ-ഡവലപ്പർ ലഭ്യമാക്കേണ്ടതാണ്. |

| | |
|---|---|
| (സി) മതിയായ നികുതി നിയന്ത്രണവുമില്ലാത്ത കേരളത്തിൽ വിദേശ വ്യാപാരം വഴി സമ്പദ് ഘടനയിൽ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ